**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 503** **23-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ റഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ റഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് എന്ന പ്രവൃത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സമർപ്പിച്ച ഡി.പി.ആർ. ന് സർക്കാർ ഉത്തരവ് നമ്പർ 780/2018/WRD തീയതി 30.10.2018 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട് . ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി ₹54 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. നിലമ്പൂർ മണ്ഡലത്തിൽ നിലവിലുള്ള ആർ.സി.ബി.കളായ ഓടയ്ക്കൽ ആർ.സി.ബി.യുടെയും പൂക്കോട്ടുമന ആർ.സി.ബി.യുടെയും ഇടയിലായിട്ടാണ് പ്രസ്തുത റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. 2019 ഓഗസ്റ്റിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലഘട്ടത്തിൽ നിലമ്പൂർ പ്രദേശത്ത് കനത്ത മഴയാണ് ലഭിച്ചത്. ഇതുമൂലം നിലവിലുള്ള ഈ രണ്ട് ആർ.സി.ബി.കൾക്ക് വെള്ളപൊക്കം മൂലം കനത്ത നാശനഷ്ടം സംഭവിച്ചു. കൂടാതെ ജനറേറ്റർ മുറി, സമീപത്തെ റോഡ്, നദിതീരം, കാർഷിക ഭൂമി, വീടുകൾ എന്നിവയ്ക്ക് കനത്ത നാശനഷ്ടം സംഭവിക്കുകയും നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ, റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് സുരക്ഷിതമായി നിർമ്മിക്കുന്നതിന് നിലവിലെ രൂപകൽപ്പന അനുസരിച്ച് ഘടന പര്യാപ്തമല്ലെന്നും ഇത് സംബന്ധിച്ച് നടത്തിയ അവലോകന യോഗത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് തന്നെ ചാലിയാർ പുഴയിൽ ഒരു വിശദമായ പഠനം വേണമെന്ന് അഭിപ്രായം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ തുടർ |

| | | | |
|---|---|---|---|
| | | | നടപടികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ നടപടികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഈ ഏജൻസിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ നടപടികൾക്കായി ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി.യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കെ.ഐ.ഐ.ഡി.സി.യുടെ ചുമതയിലുള്ള ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. ശ്രീ. ജോസഫ് സ്കറിയ (ജനറൽ മാനേജർ) ഫോൺ നമ്പർ: 9447570539 2. ശ്രീമതി. ശോഭ കെ.എസ്. (ഡെപ്യൂട്ടി ജനറൽ മാനേജർ) ഫോൺ നമ്പർ: +91 9387829772 |
| (സി) | കിഫ്ബിയുടെ അംഗീകാരം മേൽ പദ്ധതിക്ക് ലഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ? | (സി) | വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതി KIIFB യുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ